## _കൊറോണ എന്ന മഹാമാരി

സ്കൂളെല്ലാം പൂട്ടി നീനു വൈകുന്നേരം വീട്ടിലേക്ക് വന്നു. അവൾക്ക് വലിയ സന്തോഷമൊന്നും ഇല്ലായിരുന്നു. കാരണം കൊറോണയായതിനാൽ എങ്ങോട്ടും പോകാൻ പറ്റില്ലായിരുന്നു. അതുമാത്രമല്ല കൂട്ടുകാരുടെ അടുത്തുപോലും പോകാൻ പറ്റില്ലായിരുന്നു. ഓടിച്ചാടി നടന്ന അവൾക്ക് കുറേ ദിവസം അങ്ങനെ ഇരിക്കാൻ കഴിഞ്ഞില്ല.അമ്മയേയും അച്ഛനേയും കാണാതെ ഒരു ദിവസം അവൾ  ലക്ഷ്മിയുടെ  വീട്ടിലേക്ക് പോയി. അവളെ കണ്ടയുടനെ അവളെ തടഞ്ഞുകൊണ്ട് തിരികെ വീട്ടിലേക്ക് തന്നെ പോകാൻ ലക്ഷ്മിയുടെ അമ്മ പറഞ്ഞു. അവൾക്കൊന്നും മനസ്സിലായില്ല. തന്നെ എപ്പോഴും സ്നേഹത്തോടെ വീട്ടിലേക്ക് ക്ഷണിക്കാറുള്ള ഇവർക്കിതെന്തുപ്പറ്റി.വീട്ടിലെത്തിയ അവൾ കുറേ നേരം ചിന്തിച്ചു.അപ്പോൾ  സീതേച്ചി ഓടി വന്ന് പറഞ്ഞു 'നീനുവിനെ സൂക്ഷിച്ചോളൂ.കാരണം ലക്ഷ്മിക്ക് പനിയും ഛർദിയുമാണ്.' ഇതും പറഞ്ഞ് സീതേച്ചി മടങ്ങി പോയി.അടുത്ത ദിവസം രാവിലെ ഗ്രാമത്തെ കുറിച്ച്  പത്രത്തിൽ വാർത്ത  വന്നു.(രാമപുരം ഗ്രാമം നിരീക്ഷണത്തിൽ.....)  പിന്നീടുള്ള ദിവസങ്ങളിൽ എല്ലാവരും മാസ്ക് ധരിച്ച് വീട്ടിൽ കഴിയാൻ തുടങ്ങി.

ഒരു ദിവസം നീനു അച്ഛന്റെ കൂടെ കടയിലേക്ക് പോയി. രണ്ടു പേരും  മാസ്ക് ധരിച്ചിരുന്നു.സാധനം വാങ്ങുന്നതിനിടയിൽ തളർന്നവശയായ ഒരു വൃദ്ധ നീനുവിന്റെ ശ്രദ്ധയിൽ പെട്ടു. അവർ തുടരെ ചുമക്കുന്നുണ്ടായിരുന്നു.അച്ഛന്റെ കണ്ണിൽ പെടാതെ നീനു ആ വൃദ്ധയുടെ അടുത്തേക്ക് ചെന്നു. അവരുടെ കൈ പിടിച്ച് എന്തൊക്കെയോ പറഞ്ഞു.ആരാരുമില്ലാത്ത ആ വൃദ്ധ യുടെ മുഖത്ത് അപ്പോൾ എന്തന്നില്ലാത്ത സന്തോഷം കാണപ്പെട്ടു.

ദിവസങ്ങൾ കടന്നു പോയി. ഒരു രാത്രി നീനുവിന് പനിയും ചുമയും പിടിപ്പെട്ടു.പിറ്റേ ദിവസത്തെ പരിശോധനയിൽ കൊറോണയാണെന്ന് സ്ഥിതീകരിക്കുകയും ചെയ്തു. തുടർന്ന് നീനുവിന്റെ  അച്ഛനെയും അമ്മയെയും ഐസൊലേഷനിലേക്ക് മാറ്റുകയും ചെയ്തു. ഈ വാർത്ത എല്ലാവരും അറിഞ്ഞു.

ആശുപത്രി നീനുവിന് പുതിയ അനുഭവമായിരുന്നു.യന്ത്രങ്ങളുടെ ശബ്ദങ്ങൾ അവളിൽ ഭയമുണ്ടാക്കി.പിന്നീടുള്ള രാത്രികൾ പേടിയുടേതായിരുന്നു. രാവിലെ എഴുന്നേൽക്കുമ്പോൾ അവളുടെ നെറ്റിയിൽ ഭയത്തിന്റെ വിയർപ്പുത്തുള്ളികൾ കാണപ്പെട്ടു. തന്റെ അച്ഛനെയും അമ്മയെയും ഒരു നോക്ക് കാണാൻ അവൾ കൊതിച്ചു. അവളുടെ കണ്ണുകൾ നിറയുകയും തൊണ്ട ഇടറുകയും ചെയ്തു. ശ്വാസതടസ്സം അനുഭവപ്പെട്ടു. കണ്ണുകൾ മേലോട്ടും താഴോട്ടുമായി ചലിക്കാൻ തുടങ്ങി. ഡോക്ടർമാർ അങ്ങോട്ടും ഇങ്ങോട്ടും ഓടി.പക്ഷേ ആർക്കും എത്തിപ്പെടാൻ പറ്റാത്തിടത്തേക്ക് അവൾ പോയികഴിഞ്ഞിരുന്നു.